ഉത്തരം

(എ) കയർ മേഖലയുടെ വികസനം ലക്ഷ്യമാക്കി സ്വീകരിച്ച നടപടികൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(ബി, സി) 2003-2004 സാമ്പത്തിക വർഷത്തിൽ കയർ മേഖലയുടെ വികസനത്തിനായി വിവിധ പദ്ധതികളിലൂടെ വകയിരുത്തിയിരുന്ന തുകയും ടി വർഷത്തിൽ ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയും സംബന്ധിക്കുന്ന വിശദമായ സ്റ്റേറ്റ്മെന്റും† അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.

2004-2005-ൽ കയർ മേഖലയുടെ വികസനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികളും നീക്കിവച്ച തുകയും ടി ഇനത്തിൽ 31-12-2004 വരെ ചെലവഴിച്ച തുകയെ സംബന്ധിക്കുന്ന വിവരവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് †അനുബന്ധം 3-ൽ കൊടുത്തിരിക്കുന്നു.

കയർ മേഖലയുടെ നവീകരണം

134 [452] ഡോ. തോമസ് ഐസക്:

ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി ആര് തയ്യാറാക്കിയെന്നും, പദ്ധതിയുടെ അടങ്കൽ തുക, ലക്ഷ്യങ്ങൾ, ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്നിവയും വിശദമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിന് ആവശ്യമായ പണം ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പിലാക്കിയെന്നും നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്നും എന്തു തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയുടെ നവീകരണത്തിനായി മില്ലേനിയം ഡവലപ്പ്മെന്റ് വിഷൻ എന്ന ഡോക്യുമെന്റ് കയർ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. 3,000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന, 5 വർഷം കൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

1. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുക.
2. ചകിരിച്ചോറിൽ നിന്നും കയറിൽ നിന്നും മൂല്യവർദ്ധനവുള്ള കൂടുതൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
3. സ്വയം തൊഴിൽ സംരംഭങ്ങൾക്കായി ക്ലസ്റ്ററുകൾ സ്ഥാപിക്കുക.
4. കയറ്റുമതി വർദ്ധിപ്പിക്കുക.
5. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. നൂതന ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉപയോഗം വ്യാപകമാക്കുക

തുടങ്ങിയവയാണ്.

† അനുബന്ധം VIII, VIII A & VIII B

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി നടത്തിപ്പിന് വേണ്ടിവരുന്ന 3,000 കോടി രൂപയിൽ 1,000 കോടി രൂപ പദ്ധതി വിഹിതങ്ങളിൽ നിന്നും ബാക്കി വരുന്ന 2,000 കോടി രൂപ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പയായി ലഭ്യമാക്കുവാനുമാണ് വിഷൻ ഡോക്യുമെന്റിൽ ഉദ്ദേശിക്കുന്നത്. കേരളത്തിൽ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന കയർ വികസന പദ്ധതികൾക്കായി 750 കോടി രൂപയാണ് കാണിച്ചിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്ക്, കയർ ബോർഡ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.

കയർ തൊഴിലാളികൾക്ക് യന്ത്രവൽക്കൃത റാട്ടുകൾ

135 [453] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ കെ. മുഹമ്മദാലി:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ തൊഴിലാളികൾക്ക് യന്ത്രവൽകൃത റാട്ട് നൽകുവാൻ പരിപാടിയുണ്ടോ;

(ബി) എങ്കിൽ ഈ പരിപാടിയുടെ വിശദാംശം നൽകുമോ;

(സി) എത്ര പേർക്ക് യന്ത്രവൽകൃത റാട്ട് നൽകുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ റാട്ട് നൽകപ്പെടുന്നവർക്ക് പ്രവർത്തനമൂലധനം കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ 6000 സ്ത്രീ കയർത്തൊഴിലാളികൾക്ക് 1/4 HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ പിരിക്കുന്നതിന് നൽകുന്ന പരിശീലനം പൂർത്തിയാക്കുന്ന തൊഴിലാളികൾക്ക് റാട്ടുകളും വൈദ്യുതിവൽക്കരണത്തിനുള്ള തുകയും പ്രവർത്തന മൂലധനവും വർക്ഷെഡും നൽകി, അവരെ സ്വയം സഹായ സംഘങ്ങളാക്കി രൂപീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് മുഖേന നടപ്പാക്കി വരുന്നു.

(സി) അടുത്ത വർഷം 1/4 HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ട് 30,000 പേർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 1/4 HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ട് നൽകുന്നവർക്ക് പ്രവർത്തന മൂലധനം നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly